"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - ആശ്രിത നിയമനം- കണ്ണൂർ ജില്ലയിലെ കാങ്കോൽ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ഹരിദാസ് ടി.പി യുടെ മകനും ആശ്രിതനുമായ ശ്രീ. അവിനാഷ് ഹരി കെ.പി., യെ കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(കൈ) നം.47/2022/LSGD തീയതി,തിരുവനന്തപുരം, 08-03-2022

---

പരാമർശം:-

1. ജി.ഒ. (പി) നം. 12/99/പി&എ ആർ.ഡി തീയതി, 24.5.1999.
2. 21.02.2018-ലെ സ.ഉ.(കൈ) നം.5/2018/ഉഭപവ. നമ്പർ ഉത്തരവ്
3. ശ്രീ. അവിനാഷ് ഹരി കെ.പി. യുടെ 20.05.2019 ലെ അപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 03.10.2019 ലെ PAN/9191/2019 — E14 (DP) നം. കത്ത്.
5. കണ്ണൂർ ജില്ലാ കളക്ടറുടെ 20.08.2020ലെ DCKNR/11760/2019- A5 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കണ്ണൂർ ജില്ലയിലെ കാങ്കോൽ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ഹരിദാസ് ടി.പി യുടെ മകനും ആശ്രിതനുമായ ശ്രീ. അവിനാഷ് ഹരി കെ.പി., സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ച പരാമർശം (3) ലെ അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ കണ്ണൂർ ജില്ലാ കളക്ടർ സൂക്ഷ്മ പരിശോധന നടത്തി ശുപാർശ ചെയ്ത് പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. കണ്ണൂർ ജില്ലയിലെ കാങ്കോൽ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ 28.04.2018-ലാണ് ഹരിദാസ് ടി.പി നിര്യാതനാവുന്നത്. സേവന സാക്ഷ്യപത്രം പ്രകാരം ടിയാൻ 24 വർഷവും 08 മാസവും 24 ദിവസവും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. പയ്യന്നൂർ തഹസിൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ അമ്മ, ഭാര്യ, അപേക്ഷകൻ ഉൾപ്പടെ രണ്ട് ആൺമക്കൾ എന്നിവർ ഉൾപ്പെടുന്ന നാല് അനന്തരാവകാശികളാണ് പരേതനുള്ളത്. പരേതന്റെ മറ്റ് അവകാശികൾ ആരുംതന്നെ ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനായ ശ്രീ. അവിനാഷ് ഹരി കെ.പി.യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നല്കുന്നതിന് സമ്മതമാണെന്ന് പരേതന്റെ മറ്റ്

അനന്തരാവകാശികൾ സമ്മതപത്രം നല്കിയിട്ടുണ്ട്. വരുമാന സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ. അവിനാഷ് ഹരി കെ.പി. ഉൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം 6,65,220/- രൂപയാണെന്ന് കുഞ്ഞിമംഗലം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും കണ്ണൂർ ജില്ലാ കളക്ടറും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള ശ്രീ. അവിനാഷ് ഹരി കെ.പി, യുടെ അപേക്ഷ ശുപാർശയോടെ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

3. ജനന സർട്ടിഫിക്കറ്റ് പ്രകാരം നിലവിൽ അപേക്ഷകന് 22 വയസ്സ് പൂർത്തിയായിട്ടുണ്ട് (03.11.1999). അപേക്ഷകൻ പ്ലസ് ടു പാസ്സായതാണ്. അപേക്ഷകൻ നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർ ശം ( 2 ) പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്. ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും സത്യവാങ്മൂലവും അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്

4. ശ്രീ. അവിനാഷ് ഹരി കെ.പി., സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ നിയമനത്തിന് മുൻഗണിയ്ക്കുന്നതിനായി ഓപ്ഷൻ നല്കിയിട്ടുള്ള വകുപ്പുകൾ ചുവടെ ചേർക്കുന്നു.

1. ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പ്
2. മോട്ടോർ വാഹന വകുപ്പ്
3. ലാന്റ് റവന്യൂ വകുപ്പ്.

5. ഓപ്ഷൻ നല്കിയിട്ടുള്ള വകുപ്പുകളിൽ ഒഴിവുകൾ നിലവില്ലാത്ത സാഹചര്യത്തിൽ പൊതുഭരണ (സി.ഇ സെൽ) മുഖേന വിവിധ വകുപ്പുകളിലേയ്ക്കുള്ള പൊതു നിയമനത്തിന് താല്പര്യമുണ്ടോ എന്ന വിവരം അപേക്ഷകനോട് ആരാഞ്ഞ് ആ വിവരം സർക്കാരിനെ അറിയിക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. അതിൻ പ്രകാരം വിവിധ വകുപ്പുകളിലേയ്ക്കുള്ള പൊതു നിയമനത്തിന് അപേക്ഷകന് താല്പര്യമില്ലെന്നും കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി.ക്ലാർക്ക് നിയമനത്തിന് പരിഗണിക്കണമെന്നും അപേക്ഷകൻ ആവശ്യപ്പെട്ട വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ കാങ്കോൽ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ഹരിദാസ് ടി.പി യുടെ മകനും ആശ്രിതനുമായ ശ്രീ. അവിനാഷ് ഹരി കെ.പി., യ്ക്ക് പരാമർശം (1) ലെ ഉത്തരവിലെയും അനുബന്ധ ഉത്തരവുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ ടി ആശ്രിതനിയമനം ആകെ നിയമനത്തിന്റെ 5% ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിലവിലുള്ളതോ, ഉടനെ ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നല്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുവാദം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. പരേതനായ ഹരിദാസ് ടി.പി യുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ വരുത്തേണ്ടതാണ്. അപേക്ഷകനെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് അവയുടെ സാധുത ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കേണ്ടതുമാണ്.

8. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ശ്രീ. അവിനാഷ് ഹരി കെ.പി., യ്ക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

1 ശ്രീ. അവിനാഷ് ഹരി കെ.പി (ഹരിചന്ദനം, എടനാട് ഈസ്റ്റ്, ഏടത്ത്. പി. ഒ, കണ്ണൂർ- 670327 ) (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (അപേക്ഷയും അനുബന്ധങ്ങളും സഹിതം)
3. ജില്ലാ കളക്ടർ, കണ്ണൂർ.
4. ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
5. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിബി1/189/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം
**Signed by Sudheer S S**
**Date: 08-03-2022 15:49:32**

സെക്ഷൻ ഓഫീസർ